**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട**

**ചോദ്യം നമ്പർ : 383** **15.07.2015-ലെ മറുപടിയ്ക്ക്**

## ബാക്ക് വാട്ടർ മെഗാ ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.ഹൈബി ഈഡൻ | ശ്രീ.എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ബാക്ക് വാട്ടർ മെഗാ ടൂറിസം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) ഉണ്ട്. പ്രമുഖ കായൽ ശൃംഖല എന്ന നിലയിൽ രൂപം നല്കിയ ആലപ്പുഴ സംയോജിത കായൽ ടൂറിസം പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ 47.62 കോടി രൂപയുടെ സാമ്പത്തിക സഹായവും 4.63 കോടി രൂപയുടെ സംസ്ഥാന സർക്കാരിന്റെ വിഹിതവും ഉൾപ്പെടെ 52.25 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. |
| (ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) വിനോദസഞ്ചാര വികസനമേഖലയിൽ കായലോര വിനോദസഞ്ചാരം ഒരു ശൃംഖലയാക്കി അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. |
| (സി) എന്തെല്ലാം സൗകര്യങ്ങളാണ് പദ്ധതിയിൻ കീഴിൽ ഒരുക്കിയിട്ടുള്ളത് ; | (സി) കായംകുളം മുതൽ അരൂക്കുറ്റിവരെയുള്ള കായൽ ശൃംഖലയിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ വടായിക്കനാൽ, വാണിജ്യ കനാൽ ഭാഗം എന്നിവയുടെ പുതുക്കി പണി. ചരിത്ര പൈതൃക തെരുവുകൾ, കനാലുകൾ |

എന്നിവയുടെ പുനരുദ്ധാരണം, അരൂക്കുറ്റി, തണ്ണീർമുക്കം, പുന്നമട, പള്ളാത്തുരുത്തി, നെടുമുടി, കഞ്ഞിപ്പാടം, തോട്ടപ്പള്ളി, കായംകുളം എന്നിവിടങ്ങളിൽ ബോട്ട് ടെർമിനൽ, വട്ടകായൽ, കരുമാടി, വിളക്കുമാടം എന്നിവിടങ്ങളിൽ നൈറ്റ് ഹാൾട്ട് സെന്ററുകൾ, വയ്യാങ്കര, പാണ്ടി, തഴപ്പ്, കുതിരവട്ടം ചിറ, എന്നിവിടങ്ങളിൽ ഉപ ടൂറിസ്റ്റ് കേന്ദ്രങ്ങൾ, അർത്തുങ്കൽ, തോട്ടപ്പള്ളി ബീച്ചുകളുടെ വികസനം, തുടങ്ങിയ നിരവധി സൗകര്യങ്ങൾ/ പ്രവൃത്തികൾ ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

(ഡി) അനുയോജ്യമായ എല്ലാ സ്ഥല ങ്ങളിലേക്കും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം നൽകുമോ ?

(ഡി) പദ്ധതി നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് സാധ്യതാ പഠനം നടത്തി അനുയോജ്യമെങ്കിൽ മാത്രമേ പരിഗണി ക്കുവാൻ കഴിയുകയുള്ളു.

സെക്ഷൻ ഓഫീസർ